# നവകേരളം വാർത്ത

2023 മാർച്ച് 01-15 ന്യൂസ് ലെറ്റർ




## ജലബജറ്റിലൂടെ കേരളം രാജ്യത്തിന് പുതിയൊരു മാതൃക കൂടി സൃഷ്ടിക്കുന്നു : മന്ത്രി ശ്രീ. എം.ബി. രാജേഷ്





ജലബജറ്റിലൂടെ കേരളം രാജ്യത്തിന് പുതിയൊരു മാതൃക കൂടി സൃഷ്ടിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തയ്യാറാക്കുന്ന ജലബജറ്റിനെ ആധാരമാക്കി ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ ശിൽപ്പശാല തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ജലബജറ്റ് ബ്രോഷർ ഇടുക്കി ജില്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജി ചന്ദ്രന് നൽകി മന്ത്രി പ്രകാശനം ചെയ്തു. ആഗോളതാപനത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും വെല്ലുവിളി നേരിടാൻ ആഗോള നടപടികൾക്ക് പുറമേ പ്രാദേശിക ഇടപെടലുകൾ വേണമെന്നും ഇത്തരത്തിലുള്ള സുപ്രധാന പ്രവർത്തനമാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന ജലബജറ്റെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

അധികാര വികേന്ദ്രീകരണത്തിലൂടെ വിവിധ വികസന പദ്ധതികൾ വിജയകരമായി നടപ്പാക്കിയ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജലബജറ്റും വിജയകരമായി തയ്യാറാക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നവകേരളം കർമപദ്ധതി സംസ്ഥാന കോഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ പറഞ്ഞു. പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന് ജലബജറ്റ് മുതൽക്കൂട്ടാവുമെന്നും ഡോ. ടി.എൻ. സീമ അഭിപ്രായപ്പെട്ടു.

കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ബി.പി. മുരളി ചടങ്ങിൽ ആശംസാപ്രസംഗം നടത്തി. നവകേരളം കർമപദ്ധതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇന്ദു എസ്., അസിസ്റ്റന്റ് കോഡിനേറ്റർ ടി.പി. സുധാകരൻ എന്നിവർ സംസാരിച്ചു. ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എബ്രഹാം കോശി വിഷയാവതരണം നടത്തി.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും ജലവിഭവ വികസന വിനിയോഗ കേന്ദ്രവും (CWRDM) സംയുക്തമായാണ് ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകുന്നത്. CWRDMലെ സീനിയർ സയന്റിസ്റ്റ് ഡോ. സുശാന്ത്, സയന്റിസ്റ്റ് ഡോ. വിവേക് എന്നിവരാണ് ടെക്നിക്കൽ സെഷന് നേതൃത്വം നൽകുന്നത്. ആദ്യഘട്ടത്തിൽ ജലബജറ്റ് തയ്യാറാക്കുന്ന തിരഞ്ഞെടുത്ത 15 ബ്ലോക്ക് പഞ്ചായത്തുകളിലെയും 95 ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാരും പ്രതിനിധികളുമാണ് ശിൽപ്പശാലയിൽ പങ്കെടുക്കുന്നത്.

# ജലബജറ്റ്

## ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും ആസൂത്രണത്തിനും വിലപ്പെട്ട രേഖ : മന്ത്രി റോഷി അഗസ്റ്റിൻ

ജലബജറ്റ് എന്ന ആശയം രാജ്യ ചരിത്രത്തിലെ തന്നെ ആദ്യത്തെ സംഭവമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ജലബജറ്റിനെ ആധാരമാക്കി ഹരിതകേരളം മിഷൻ സംഘടിപ്പിച്ച രണ്ടു ദിവസത്തെ ശില്പശാലയുടെ സമാപന സമ്മേളനം തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടലിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിൽ ശുദ്ധജല ലഭ്യത കുറഞ്ഞുവരുന്നു. പ്രളയം നിയന്ത്രിക്കാൻ കഴിയാത്ത നിലയിലേക്ക് നമ്മുടെ നദികൾ മാറി. നദികളെ പഴയ കാലഘട്ടത്തിലേക്ക് തിരിച്ചുകൊണ്ട് വരുന്നതിനുള്ള പ്രവർത്തനങ്ങളാണ് നവകേരളം കർമ പദ്ധതിയിൽ ഹരിതകേരളം മിഷനിലൂടെ ഏറ്റെടുത്തു നടത്തി വരുന്നത്. നമ്മുടെ കാലഘട്ടത്തിൽ ചെയ്യാവുന്ന മൂല്യമുള്ള രേഖയാണ് ജലബജറ്റ് എന്നും തദ്ദേശ സ്ഥാപനങ്ങളിലെ സുപ്രധാനപ്പെട്ട ഒരു ജീവനാഡിയാണ് ഇതെന്നും മന്ത്രി കൂട്ടിച്ചേർത്തു. മുട്ടിൽ ഗ്രാമപഞ്ചായത്ത് ജല ബജറ്റ് റിപ്പോർട്ട് പ്രകാശനവും, ജലബജറ്റ് മാർഗരേഖയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു.



ജലവിഭവ വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ജലസംരക്ഷണ മേഖലയിൽ ഏകോപന പ്രവർത്തനങ്ങളുടെ പുതിയൊരു മാതൃക തീർക്കാൻ ജലബജറ്റിലൂടെ കഴിയുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിത കേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ പറഞ്ഞു. കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി.പി. മുരളി ജലബജറ്റ് മാർഗരേഖ ഏറ്റുവാങ്ങി. മുട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നസീമ മങ്ങാടൻ മുട്ടിൽ ജലബജറ്റ് റിപ്പോർട്ട് ഏറ്റുവാങ്ങി. ജലവിഭവ (ഭരണവകുപ്പ്) ചീഫ് എഞ്ചിനിയർ പ്രിയേഷ് ആർ., CWRDM സീനിയർ സയന്റിസ്റ്റ് ഡോ. സുശാന്ത് എന്നിവർ ചടങ്ങിൽ ആശംസ പ്രസംഗം നടത്തി. ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർ എബ്രഹാം കോശി സ്വാഗതവും നവകേരളം കർമപദ്ധതി പബ്ലിക് റിലേഷൻസ് ഓഫീസർ ബി. മനോജ് നന്ദിയും പറഞ്ഞു.

# വടവാതൂർ ഗവ.ഹൈസ്ക്കൂളിന് പുതിയകെട്ടിടം

കോട്ടയം ജില്ലയിലെ വടവാതൂർ ഗവ. ഹൈസ്ക്കൂളിന് വിദ്യാകിരണം മിഷനിൽ ഉൾപ്പെടുത്തി നിർമ്മിച്ച പുതിയ കെട്ടിടം മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു അദ്ധ്യക്ഷത വഹിച്ചു. തോമസ് ചാഴിക്കാടൻ എം.പി. മുഖ്യപ്രഭാഷണം നടത്തി. ഐ.ടി. ലാബ് ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് വി.ടി. സോമൻകുട്ടി നിർവഹിച്ചു.





# പൊതുവിദ്യാഭ്യാസ മേഖലയുടെ വളർച്ച കൃത്യമായ ആസൂത്രണത്തിന്റെ ഫലമെന്ന് മന്ത്രി വി. ശിവൻ കുട്ടി

ശാസ്ത്രീയവും സമഗ്രവുമായ വളർച്ചയാണ് പൊതു വിദ്യാഭ്യാസ മേഖലയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും കൃത്യമായ ആസൂത്രണവും നിർവ്വഹണവുമാണ് ഈ വളർച്ചയ്ക്ക് കാരണമെന്നും



വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. മൂന്ന് കോടി 90 ലക്ഷം രൂപ കിഫ്ബി ഫണ്ടുപയോഗിച്ചു ചെലവഴിച്ച് മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഹയർ സെക്കൻഡറി സ്കൂളിൽ നിർമിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ വിദ്യാകിരണം മിഷന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അതിൽ ഏറ്റവും സുപ്രധാനമായ മേഖല അധ്യയനത്തോടൊപ്പം നടക്കുന്ന അധ്യാപക പരിശീലനം കൂടിയാണെന്ന് മന്ത്രി പറഞ്ഞു. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി നവാഗതരായ അധ്യാപകർക്ക് ആറ് ദിവസം നീണ്ടു നിന്ന റസിഡൻഷ്യൽ പരിശീലനം നൽകി. ക്ലാസ് മുറിയിലും പുറത്തും ഏറ്റവും മികച്ച പ്രകടനം കാഴ്ച വെച്ചുകൊണ്ട് ഇടപെടുന്നതിൽ പരിമിതികൾ അനുഭവപ്പെടുന്ന നവാധ്യാപകരെ കാലികമായി ശക്തീകരിക്കുക എന്നതായിരുന്നു ഈ പരിശീലനത്തിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ നജീബ് കാന്തപുരം എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# കുടുംബം പോലെ പരിചരണം നൽകുന്ന ഇടങ്ങളായി കുടുംബാരോഗ്യകേന്ദ്രങ്ങളെ മാറ്റും: മന്ത്രി വീണാ ജോർജ്

കുടുംബം എന്ന പോലെ പരിചരണം നൽകുന്ന സ്ഥാപനങ്ങളാക്കി കുടുംബാരോഗ്യകേന്ദ്രങ്ങളെ മാറ്റാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്നു ആരോഗ്യവകുപ്പു മന്ത്രി വീണ ജോർജ്. ഒരു കോടി രൂപ ചെലവിൽ നിർമാണം പൂർത്തീകരിച്ച കാഞ്ഞിരപ്പള്ളി വിഴിക്കത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. വിഴിക്കത്തോടു കുടുംബാരോഗ്യ കേന്ദ്രത്തിൽ ആറു മണിവരെ ഒ.പി. സേവനം ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത്ലാബ് സ്ഥാപിച്ച കഴിഞ്ഞ ഒരുവർഷം കൊണ്ട് 650 പേർക്കു ഹൃദയസംബന്ധമായ അടിയന്തര ചികിത്സ നൽകാനായി. വിഴിക്കത്തോട് കുടുംബാരോഗ്യ കേന്ദ്രം അങ്കണത്തിൽ നടന്ന ചടങ്ങിൽ സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അധ്യക്ഷത വഹിച്ചു.



വിഴിക്കത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം മിഷന്റെ ഭാഗമായാണ് കുടുംബാരോഗ്യ കേന്ദ്ര മാക്കി ഉയർത്തിയത്. ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാരും ദേശീയ ആരോഗ്യമിഷനും അനുവദിച്ച 22 ലക്ഷം രൂപയും കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്നും 63 ലക്ഷവും ഡോ. എൻ. ജയരാജ് എം.എൽ.എ.യുടെ ഫണ്ടിൽനിന്ന് 15 ലക്ഷം രൂപയും ചെലവഴിച്ചാണ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമാണം പൂർത്തീകരിച്ചത്.

# ആർദ്രം മിഷനിലൂടെ കാളകെട്ടിയിൽ കുടുംബാരോഗ്യകേന്ദ്രം

എല്ലാ ആധുനിക ചികിത്സാ സൗകര്യങ്ങളും സർക്കാർ മേഖലയിൽ കൊണ്ടുവരുന്നതിനാണ് സംസ്ഥാനസർക്കാർ ശ്രമിക്കുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ജീവിതശൈലി രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലാ ആശുപത്രികളിലും പക്ഷാഘാത പരിചരണ കേന്ദ്രങ്ങൾ സജ്ജമാക്കിക്കൊണ്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്ന കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി കാളകെട്ടി സി.എച്ച്.സി. മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർഹഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കാളകെട്ടി കുടുംബാരോഗ്യകേന്ദ്രം അങ്കണത്തിൽ നടന്ന ചടങ്ങിൽ സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അധ്യക്ഷത വഹിച്ചു.




1.65 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. സംസ്ഥാന സർക്കാരും ദേശീയ ആരോഗ്യമിഷനും അനുവദിച്ച 1.50 കോടിരൂപയും കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നുള്ള 15.86 ലക്ഷം രൂപയും ചെലവഴിച്ചാണ് കെട്ടിടം നിർമിക്കുന്നത്.

# ലൈഫ് മിഷനിലൂടെ നിധീഷിന്റെ വീടെന്ന സ്വപ്നം യഥാർഥ്യമായി
# കേരളത്തിൽ ആദ്യമായി ട്രാൻസ്ജെൻഡറിന് വീട് നൽകി

ട്രാൻസ്ജെൻഡറായ നിധീഷിന്റെ കയറിക്കിടക്കാൻ സ്വന്തമായി ഒരു വീട് എന്ന സ്വപ്നം ലൈഫ് മിഷനിലൂടെ യഥാർഥ്യമായി. കതിരൂർ പഞ്ചായത്തിൽ പൊന്ന്യം പറാങ്കുന്നിലാണ് ലൈഫ് പദ്ധതി പ്രകാരം കേരളത്തിൽ ആദ്യമായി ട്രാൻസ്ജെൻഡറിന് ഭവനം നിർമ്മിച്ചു നൽകിയത്. നിധീഷിന്റെ സ്വപ്ന വീടിന്റെ താക്കോൽ നിയമസഭാ സ്പീക്കർ അഡ്വ. എ.എൻ. ഷംസീർ കൈമാറി.

കതിരൂർ കൂറ്റേരിച്ചാൽ സ്വദേശിയായ നിധീഷ് കണ്ണൂരിൽ വാടകയ്ക്ക് താമസിക്കുകയായിരുന്നു. പൊന്ന്യം പറാങ്കുന്നിലെ നാല് സെന്റ് കോളനിയിലാണ് വീട് നിർമ്മിച്ചത്. കതിരൂർ ഗ്രാമപഞ്ചായത്താണ് പദ്ധതിക്ക് നേതൃത്വം നൽകിയത്. ജില്ലാ പഞ്ചായത്തും സുമനസ്സുകളും സഹായവുമായി രംഗത്തുവന്നു. രണ്ട് ബെഡ്റൂം, അടുക്കള മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ വീട്ടിൽ ഒരുക്കിയിട്ടുണ്ട്. പറാങ്കുന്നിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചയത്ത് പ്രസിഡന്റ് പി.പി. ദിവ്യ അധ്യക്ഷത വഹിച്ചു.







# ജലബജറ്റ് : സാങ്കേതിക ശിൽപ്പശാല

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രവുമായി (CWRDM) ചേർന്ന് ജലബജറ്റ് തയ്യാറാക്കുന്നതിന് ശിൽപ്പശാല സംഘടിപ്പിച്ചു. ഒരു പ്രദേശത്തിന്റെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖയാണ് ജലബജറ്റ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളെയും അടിസ്ഥാനമാക്കി ജലബജറ്റ് തയ്യാറാക്കാനുള്ള സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. ഇന്ത്യയിൽ ഇതാദ്യമായാണ് ഒരു സംസ്ഥാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 95 പഞ്ചായത്തുകളിൽ ജലബജറ്റ് തയ്യാറാക്കും.

എറണാകുളം, വൈ.എം.സി.എ. ഹാളിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർ എബ്രഹാം കോശി വിഷയാവതരണം നടത്തി. CWRDM സയന്റിസ്റ്റ് ഡോ. സുശാന്ത് ശിൽപ്പശാല നയിച്ചു. ഡോ. വിവേക് പ്രായോഗിക പരിശീലനം നൽകി. ജലബജറ്റ് തയ്യാറാക്കുന്നതിനായുള്ള ശാസ്ത്രീയ രീതിശാസ്ത്രം അടിസ്ഥാനമാക്കി നടന്ന ശിൽപ്പശാലയിൽ വിവര ശേഖരണം, വിശകലനം, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്ക് പുറമെ ജില്ല തിരിച്ചുള്ള ഗ്രൂപ്പ് പ്രവർത്തനങ്ങളും നടന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കൽ സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കാൻ ലക്ഷ്യമിട്ട് തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള 8 ജില്ലകളിൽ നിന്നുള്ളവർക്കാണ് 2023 ഫെബ്രുവരി 16 ന് ശിൽപ്പശാല സംഘടിപ്പിച്ചത്. മറ്റു ജില്ലകളിലുള്ളവർക്കുള്ള ശിൽപ്പശാല ഫെബ്രുവരി 17 ന് കോഴിക്കോട് സംഘടിപ്പിച്ചു. കൃഷി വകുപ്പിൽ നിന്നുള്ള അസി. ഡയറക്ടർമാർ ജലസേചന വകുപ്പ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഭൂജല വകുപ്പിലെ ഹൈഡ്രോ ജിയോളജിസ്റ്റുമാർ, സോയിൽ കൺസർവേഷൻ, സോയിൽ സർവേ വകുപ്പ് ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് പദ്ധതി അസി. എഞ്ചിനീയർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർമാർ, യംഗ് പ്രൊഫഷണലുകൾ, ഇന്റേൺസ് എന്നിവരടങ്ങുന്ന ടെക്നിക്കൽ ടീമംഗങ്ങളാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. നവകേരളം കർമപദ്ധതി എറണാകുളം ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്. സ്വാഗതം ആശംസിച്ച ശില്പ്ശാലയിൽ നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ തുടർ പ്രവർത്തനങ്ങൾ വിശദമാക്കി.

ജലത്തിന്റെ ലഭ്യതയും വിനിയോഗവും വിലയിരുത്താൻ ഉപയോഗിക്കാവുന്ന ശാസ്ത്രീയ ഉപാധിയാണ് ജലബജറ്റ്. ഒരു പ്രദേശത്തിന്റെ ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കി വിവിധ ആവശ്യങ്ങൾക്ക് സുസ്ഥിരമായ ജലവിതരണം സാധ്യമാക്കുന്നതിന് ജലബജറ്റ് ഏറെ പ്രയോജനകരമാകുമെന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു.

---

## സംസ്ഥാനതല തദ്ദേശ ദിനാഘോഷത്തിൽ തിളങ്ങി ഹരിതകർമ്മസേനാംഗങ്ങൾ

തൃത്താല ചാലിശ്ശേരിയിൽ 2023 ഫെബ്രുവരിയിൽ നടന്ന സംസ്ഥാന തദ്ദേശ ദിനാഘോഷത്തിൽ തിളങ്ങി ഹരിത കർമ്മസേനാംഗങ്ങൾ. ഗ്രീൻപ്രോട്ടോകോൾ പാലിച്ച് നടന്ന മേളയിൽ 250 ഹരിതകർമ്മസേനാംഗങ്ങളാണ് പങ്കെടുത്തത്. പ്രദർശന സ്റ്റാളുകളിലും ഭക്ഷണശാല പരിസരങ്ങളിലും സേനാംഗങ്ങളുടെ പ്രവർത്തനം സജീവമായിരുന്നു. മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയാതിരിക്കാനും കൃത്യ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനുമുള്ള സന്ദേശങ്ങൾ സ്റ്റാളുകളിലും സന്ദർശകർക്കും ഹരിത കർമ്മസേന മുഖേന നൽകി. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ചാക്കുകൾക്ക് പകരം ഓലകൊണ്ട് നിർമിച്ച വലിയ കൊട്ടകളാണ് ഹരിത കർമ്മസേന അംഗങ്ങൾ ഉപയോഗിച്ചത്. മാലിന്യങ്ങൾ കൃത്യമായി സംസ്കരണ സ്ഥലങ്ങളിൽ എത്തിച്ചതും ഇവർ തന്നെയാണ്. ഓരോ ദിവസവും രണ്ട് ഷിഫ്റ്റുകളിലായാണ് പ്രവർത്തനം ക്രമീകരിച്ചിരുന്നത്.

# വലിച്ചെറിയൽമുക്ത കേരളം ദ്വിദിന ശിൽപ്പശാല

നവകേരളം കർമപദ്ധതിയിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നവകേരളം വൃത്തിയുള്ള കേരളം, വലിച്ചെറിയൽമുക്ത കേരളം ക്യാമ്പയിനിന്റെ ഭാഗമായുള്ള ദ്വിദിന ശിൽപ്പശാല തിരുവനന്തപുരം വെള്ളയമ്പലത്തുള്ള ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ചു. കിലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശിൽപ്പശാലയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയാണ് നേതൃത്വം നൽകുന്നത്. കെ. ജോൺസൺ (ചീഫ് എഞ്ചിനീയർ, LID&EW) ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. തദ്ദേശ



സ്ഥാപനങ്ങളിൽ നടന്നു വരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെയും പ്രതിബദ്ധതയോടെയും തുടർന്നുകൊണ്ടേയിരിക്കണമെന്നും എങ്കിൽ മാത്രമേ ജനങ്ങളുടെ വിശ്വാസം ആർജിച്ചു സമ്പൂർണ്ണ മാലിന്യമുക്ത കേരളം സാധ്യമാകുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ടി. ബാലഭാസ്കരൻ അദ്ധ്യക്ഷത വഹിച്ചു. ക്ലീൻ കേരള കമ്പനി ഡയറക്ടർ ജി.കെ. സുരേഷ് കുമാർ ആശംസ പ്രസംഗം നടത്തി. നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ ചടങ്ങിൽ സ്വാഗതവും, കില RGSA തിരുവനന്തപുരം ജില്ലാ കോർഡിനേറ്റർ ദേവിക മുരളി നന്ദിയും പറഞ്ഞു.

2025 ഓടെ സമ്പൂർണ മാലിന്യരഹിത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ജനുവരി 26 റിപ്പബ്ലിക് ദിനത്തിൽ ബഹുജന പങ്കാളിത്തത്തോടെ തുടക്കമിട്ട 'വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം' ക്യാമ്പയിൻ സംസ്ഥാന വ്യാപകമാക്കുന്നതിനും കൂടുതൽ ശക്തിപ്പെടുത്താനുമാണ് ശിൽപ്പശാല. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർമാർ, ജോയിന്റ് ഡയറക്ടർമാർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ശുചിത്വമിഷൻ, കുടുംബശ്രീ ജില്ലാ കോർഡിനേറ്റർമാർ, തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം ഓഫീസർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർമാർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ എന്നിവർ ശിൽപ്പശാലയിൽ പങ്കെടുത്തു.

# പനമരം ഗ്രാമപഞ്ചായത്തിൽ നീർച്ചാൽ മാപ്പത്തോൺ

നവകേരളം കർമപദ്ധതിയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന കബനിക്കായ് വയനാട് ക്യാമ്പയിനിന്റെ ഭാഗമായുള്ള മാപ്പത്തോണിന് പനമരം ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. പനമരം പഞ്ചായത്ത് പ്രസിഡണ്ട് പി.എം ആസ്യ ടീച്ചർ പരിപാടി ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു വിഷയാവതരണം നടത്തി.

പഞ്ചായത്തിലെ തോടുകളും നീർച്ചാലുകളും കണ്ടെത്തി കേരള ഐ.ടി. മിഷന്റെ സാങ്കേതിക സഹായത്തോടെ ഒ.എസ്.എം. ട്രാക്കർ എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ട്രെയിസിംഗ് എടുക്കും. റിസോഴ്സ് പേഴ്സൺസ് നേരിട്ട് പോയി നീർച്ചാലുകളുടെ അരികിൽകൂടി നടന്നാണ് ഇവ ട്രെയിസ് ചെയ്യുന്നത്. അതിനുശേഷം ഓപ്പൺ സ്ട്രീറ്റ് മാപ്പ് എന്ന ബ്രൗസിംഗ് സംവിധാനത്തിലൂടെ ട്രെയിസ് ചെയ്ത തോടുകൾ ആം ചെയർ മാപ്പിംഗ് എന്ന സംവിധാനത്തിലൂടെ ഡിജിറ്റലായി വരയ്ക്കുന്നു.

ഓരോ തദ്ദേശ സ്ഥാപനത്തിലേയും പ്രധാന തോടുകളും നീർച്ചാലുകളും ഗ്രിഡുകളായി ഉൾപ്പെടുത്തിയ ക്യു.ജി.ഐ.എസ്. മാപ്പ് ഐ.ടി. മിഷൻ



ലഭ്യമാക്കുന്നുണ്ട്. ഇത് ഓരോ പ്രദേശത്തും ഉള്ള തോടുകൾ കണ്ടെത്താൻ സഹായകരമാണ്. കൂടാതെ ഒ.എസ്.എം.ആന്റ് എന്ന ആപ്ലിക്കേഷനിലൂടെ തോടുകളിലേക്ക് എത്താൻ സഹായകരമായ വഴികൾ കണ്ടെത്താനും സാധിക്കുന്നു.ആംചെയർ മാപ്പിംഗ് ചെയ്ത തോടുകൾ ഐ.ടി. മിഷൻ പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. ഇവ പിന്നീട് ഫീൽഡിൽ പോയി തന്നെ കൂടുതൽ വ്യക്തത വരുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

# അരുവാപ്പുലം ഗ്രാമപഞ്ചായത്ത്
# നീർച്ചാൽ മാപ്പിംങ്

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പശ്ചിമഘട്ടത്തോട് ചേർന്ന് കിടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്ന സുരക്ഷിതമാക്കാം പശ്ചിമഘട്ടം നീർച്ചാൽ മാപ്പിങ് അരുവാപ്പുലം ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചു. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലൂടെ ഒഴുകുന്ന തോടുകൾ ഫീൽഡ്തല സർവ്വേയിലൂടെ കണ്ടെത്തി മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ ഡിജിറ്റൽ മാപ്പിങ് നടത്തുന്ന പ്രവർത്തനമാണ് മാപ്പത്തോണിലൂടെ നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്തുകളും വിവിധ വകുപ്പുകളും ചേർന്ന് നടപ്പാക്കുന്ന ജലസംരക്ഷണ ജലസേചന പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന രീതിയിൽ




ആണ് മാപ്പത്തോൺ വിഭാവനം ചെയ്തിട്ടുള്ളത്. അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ വാർഡ് 5 – കല്ലേലി തോട്ടം ലേബർ ക്ലബ്ബിന് സമീപമുള്ള തോട് ഡിജിറ്റൽ മാപ്പ് ചെയ്തുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഷ്മ മറിയം റോയ് ഉദ്ഘാടനം നിർവഹിച്ചു. നീർച്ചാൽ മാപ്പിങ്ങിലൂടെ നീർച്ചാൽ ശൃംഖല ശാസ്ത്രീയമായി കണ്ടെത്തുകയും, ഓരോ നീർച്ചാലുകളുടെയും പ്രത്യേകതകൾ പഠിച്ച് കൃത്യമായ ആസൂത്രണവും പദ്ധതി നിർവഹണവും നടത്താനാകുമെന്ന് പ്രസിഡന്റ് ഉദ്ഘാടന വേളയിൽ അറിയിച്ചു.

## സാരിയിൽ നിന്നും ബാഗുകളുമായി എടയ്ക്കാട്ട് വയൽ ഹരിതകർമസേന....

പഴയ സാരിയിൽ നിന്നും ബാഗ് എന്ന ആശയവുമായി എറണാകുളം ജില്ലയിലെ എടയ്ക്കാട്ട് വയൽ ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേന അംഗങ്ങൾ. മാലിന്യശേഖരണത്തിന് സംഭരണത്തിനും സാരി ബാഗ് കൂടുതൽ സൗകര്യപ്രദമാണെന്നാണ് ഹരിതകർമസേനാംഗങ്ങൾ വിലയിരുത്തുന്നത്. പഴയ സാരിയുടെ പുനരുപയോഗം എന്നതിന് പുറമെ പ്ലാസ്റ്റിക്ക് ചാക്കുകളുടെ ദൗർലഭ്യത്തിന് ഇത് പരിഹാരമാണ്. ഒരു സാരികൊണ്ട് 3 സഞ്ചികൾ തയ്യാറാക്കാൻ കഴിയും. ഇതിന് 10 രൂപ ആയിരിക്കും.





കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക്തല ഹരിത കർമ്മസേന സംഗമം അഡ്വ. സെബാസ്റ്റ്യൻ കുളത്തിങ്കൽ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

# വണ്ടൻമേട്ടിലെ മാലിന്യ നീക്കം സുഗമമാകുന്നു

ഹരിത കേരളം പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേന അംഗങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മെറ്റീരിയൽസ് തരം തിരിച്ചു മൂല്യവർധിത ഇനങ്ങളാക്കി ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഫ്ളാഗ് ഓഫ് കർമ്മം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മാനങ്കേരിയിൽ നിർവഹിച്ചു,



# നീർച്ചാൽ മാപ്പിംഗ് കോന്നി ഗ്രാമപഞ്ചായത്തിൽ

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ പശ്ചിമ ഘട്ടത്തോട് ചേർന്ന് കിടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കി വരുന്ന സുരക്ഷിതമാക്കാം പശ്ചിമഘട്ടം നീർച്ചാൽ മാപ്പിംഗ് കോന്നി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചു. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലൂടെ ഒഴുകുന്ന തോടുകൾ ഫീൽഡ് തല സർവെയിലൂടെ കണ്ടെത്തി മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ ഡിജിറ്റൽ മാപ്പിംഗ് നടത്തുന്ന പ്രവർത്തനമാണ് മാപ്പത്തോണിലൂടെ നടപ്പാക്കുന്നത്. ഗ്രാമപഞ്ചായത്തുകളും വിവിധ വകുപ്പുകളും ചേർന്ന് നടപ്പാക്കുന്ന ജലസംരക്ഷണ ജലസേചന പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന രീതിയിലാണ് മാപ്പത്തോൺ വിഭാവന ചെയ്തിട്ടുള്ളത്. കോന്നി ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ ചിറ്റൂർമുക്ക് ആറ്റുകടവ് തോട് ഡിജിറ്റൽ മാപ്പ് ചെയ്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുലേഖ വി. നായർ ഉദ്ഘാടനം നിർവഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജി. അനിൽ കുമാർ പദ്ധതി വിശദീകരണം നടത്തി. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശോഭ മുരളി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അർച്ചന ബാലൻ, തോമസ് കാലായിൽ, ആർ. രഞ്ജു, പി.വി ജോസഫ്, തൊഴിലുറപ്പ് പദ്ധതി ഓവർസീയർ അജിത ജി. നായർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺസ്, തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



പച്ചത്തുരുത്തിന്റെ ജൈവ വൈവിധ്യത്തെ സംബന്ധിച്ച് പഠിക്കുന്നതിനായി തേവര എസ്.എച്ച്. കോളേജിലെ അദ്ധ്യാപകനും ബിരുദ മൂന്നാം വർഷ വിദ്യാർഥികളും ഇടുക്കി ജില്ലയിലെ മികച്ച 3 പച്ചത്തുരുത്തുകൾ സന്ദർശിച്ച് പഠനം നടത്തി.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01